**പതിനാലാം കേരള നിയമസഭ**
**18-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1910** **11.02.2020-ൽ മറുപടിയ്ക്ക്**

**സി.ആർ.സെഡ്.മായി ബന്ധപ്പെട്ട് കെ.സി.സെഡ്.എം.എ.യിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സി.ആർ.സെഡ്.മായി ബന്ധപ്പെട്ട് കെ.സി.സെഡ്.എം.എ.യിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുവാൻ നടപടിയുണ്ടാകുമോ;<br>(ബി) ഇതിനാവശ്യമായ സോഫ്റ്റ് വെയറുകൾ രൂപപ്പെടുത്തുവാൻ ഐ.കെ.എം. പോലെയുള്ള സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) CRZ ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിയിലേയ്ക്ക് (KCZMA) സമർപ്പിക്കുന്ന അപേക്ഷകൾ online സംവിധാനത്തിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.സി.സെഡ്.എം.എ.യിലേയ്ക്ക് നൽകുന്ന അപേക്ഷകളിന്മേലുള്ള നടപടി അനന്തമായി നീളുന്നകാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | (സി) കെട്ടിട നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിയിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തന്നെ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) പുതിയ സി.ആർ.സെഡ്. നിയമം അനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ട രീതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് | (ഡി) 2019 ലെ CRZ വിജ്ഞാപനത്തിലെ clause 7(vi) പ്രകാരം 300 $m^2$ വരെ തറവിസ്തീർണ്ണമുള്ള വീടുകൾക്ക് CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരം |

| | | |
|---|---|---|
| | അവ്യക്തത നിലനിൽക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുണ്ട്. എന്നാൽ ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. അതുവരെയും സംസ്ഥാനത്ത് 2011 ലെ CRZ വിജ്ഞാപനത്തിന്റെ വ്യവസ്ഥകളും 2011 ലെ CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനുമാണ് (Coastal Zone Management Plan - CZMP) ബാധകമായിട്ടുള്ളത്. ആയതിനാൽ നിലവിൽ CRZ clearance നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കില്ല |
| (ഇ) | കെ.സി.സെഡ്.എം.എ.യിലേയ്ക്ക് വരുന്ന ഫയലുകളിൽ പൊതുജനങ്ങൾക്ക് വ്യക്തമായ മറുപടി കിട്ടുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; ഇതിനാവശ്യമായ പബ്ലിക് റിലേഷൻസ് സംവിധാനം ഏർപ്പെടുത്തുമോ? | (ഇ) തീരദേശ പരിപാലന അതോറിറ്റിയിലേയ്ക്ക് വരുന്ന ഫയലുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും പൊതുജനങ്ങൾക്ക് വ്യക്തമായി മറുപടി നൽകുന്ന ഒരു എൻക്വയറി വിഭാഗം തീരദേശ പരിപാലന അതോറിറ്റിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ